# കേരളസർവകലാശാല

Re-accredited by NAAC with A++ GRADE

നം.പി.ആർ. 38/2026 തിരുവനന്തപുരം, തീയതി: 20/02/2026

## പത്രക്കുറിപ്പ്

## പരീക്ഷാഫലം

കേരളസർവകലാശാല 2025 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎ എക്കണോമിക്സ് (റെഗുലർ, ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) പരീക്ഷയുടെയും, രണ്ടാം സെമസ്റ്റർ എംഎ ബിസിനസ് എക്കണോമിക്സ് പരീക്ഷയുടെയും ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2026 ഫെബ്രുവരി 28 വരെ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ പരീക്ഷാകേന്ദ്രം

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ സി.ആർ. സി.ബി.സി.എസ്.എസ്. 2(b) ബിഎസ്‌സി കമ്പ്യൂട്ടർ സയൻസ് (320) (സപ്ലിമെന്ററി 2020 - 2023 അഡ്മിഷൻ, മേഴ്സിചാൻസ് 2013, 2017, 2018 & 2020 അഡ്മിഷൻ) ജനുവരി 2026 പരീക്ഷകളുടെ പ്രാക്ടിക്കൽ 2026 ഫെബ്രുവരി 27 ന് നടത്തുന്നു. കോളേജ് ഓഫ് അപ്ലൈഡ് സയൻസസ്, കുണ്ടറ, എം.ഇ.എസ് കോളേജ്, ചാത്തന്നൂർ എന്നീ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് യു.ഐ.ടി. കൊല്ലത്തും കോളേജ് ഓഫ് അപ്ലൈഡ് സയൻസസ് പെരിശ്ശേരിയിലെ വിദ്യാർത്ഥികൾക്ക് കോളേജ് ഓഫ് അപ്ലൈഡ് സയൻസസ് മാവേലിക്കരയിലും നാഷണൽ കോളേജ് അമ്പലത്തറയിലെ വിദ്യാർത്ഥികൾക്ക് യു.ഐ.ടി. കുറവൻകോണവും, മുസ്ലീം അസോസിയേഷൻ കോളേജ് ഓഫ് അപ്ലൈഡ് സയൻസസ്, പനവൂരിലെ വിദ്യാർത്ഥികൾക്ക് യു.ഐ.ടി. പിരപ്പൻകോടിലുമായാണ് പരീക്ഷാകേന്ദ്രങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. മറ്റ് പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ഒന്നാം സെമസ്റ്റർ ബിടെക് (2025 സ്കീം – റെഗുലർ - 2025 അഡ്മിഷൻ), ഫെബ്രുവരി 2026 പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2025 ജൂലൈയിൽ നടത്തിയ മൂന്നാം സെമസ്റ്റർ യൂണിറ്ററി എൽഎൽബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും, പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2026 ഫെബ്രുവരി 23 മുതൽ 27 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ. X വിഭാഗത്തിൽ ഹാജരാകേണ്ടതാണ്.

കേരളസർവകലാശാല 2025 ഏപ്രിലിൽ നടത്തിയ ഏഴാം സെമസ്റ്റർ ബിടെക് (2013 സ്കീം) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും, പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2026 ഫെബ്രുവരി 23 മുതൽ 25 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ. VII വിഭാഗത്തിൽ ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**